**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1492

11.02.2013 ൽ മറുപടിക്ക്

## ഗ്രാമീണറോഡുകളുടെ നിർമ്മാണം പുനരുദ്ധാരണം എന്നിവയ്ക്കായി ഗ്രാമവികസനവകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്. ജയലാൽ | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ മന്ത്രി) |
| എ) ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും വേണ്ടി ഗ്രാമവികസന വകുപ്പ് പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികളാണെന്നുള്ള വിശദാംശം അറിയിക്കുമോ; | എ) ഉണ്ട്. പി.എം.ജിഎസ്.വൈ.പദ്ധതിയാണ് നടപ്പാക്കുന്നത് |
| ബി) ഏതൊക്കെ ഏജൻസികളുടെ സഹകരണത്തോടും, സാമ്പത്തിക സഹായത്തോടും കൂടിയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത്; | ബി) ഈ പദ്ധതിയുടെ സംസ്ഥാനതല മേൽനോട്ടച്ചുമതല കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡവലപ്പ്മെന്റ് ഏജൻസിക്കാണ്. ജില്ലാതലത്തിൽ ടി പദ്ധതിയുടെ നിർവ്വഹണത്തിനായി ജില്ലാ പഞ്ചായത്തിന് കീഴിൽ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ റൂറൽ റോഡ്സ് ഡവലപ്പ്മെന്റ് ഏജൻസി മുഖേനയാണ് സാമ്പത്തിക സഹായം ടി പദ്ധതിക്ക് ലഭിക്കുന്നത്. |
| സി) റോഡുകൾ ഏറ്റെടുക്കുന്നതിന് നിശ്ചിത മാനദണ്ഡം പാലിച്ചിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ; എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കുമോ; | സി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | |
|---|---|
| ഡി) റോഡ് നിർദ്ദേശിക്കുവാനും, എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാനും ഏത് ഓഫീസിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | ഡി) റോഡ് നിർദ്ദേശിക്കുന്നതിനുള്ള ചുമതല ജില്ലാപഞ്ചായത്തുകൾക്കാണ്. ജില്ലാപഞ്ചായത്തുകൾ സമർപ്പിക്കുന്ന മുൻഗണനാ പട്ടിക ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചതിനു-ശേഷം ജില്ലാ പ്രോഗ്രാം ഇംപ്ളിമെന്റേഷൻ യൂണിറ്റുകളാണ് എസ്റ്റിമേറ്റ് തയ്യാറാക്കു-ന്നത്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

1. ഗ്രാമപ്രദേശങ്ങളിൽ മെച്ചപ്പെട്ട റോഡിൽ നിന്നും 500 മീറ്ററിലധികം ചുറ്റളവിൽ ഒറ്റപ്പെട്ടുകിടക്കുന്ന 500-ൽ അധികം ജനസംഖ്യയുള്ള ആവാസകേന്ദ്രങ്ങളെ ബന്ധിപ്പിക്കാനുള്ള പുതിയ റോഡുകൾക്കാണ് മുൻഗണന. കുന്നിൻ പ്രദേശങ്ങളിൽ ഈ ദൂരം 1.5കി.മി.ആയിനിജപ്പെടുത്തിയിട്ടുണ്ട്.

2. പുതുതായിനിർമ്മിക്കാനുദ്ദേശിക്കുന്ന റോഡ് ഈ പദ്ധതിയുടെ അടിസ്ഥാന രേഖയായി തയ്യാറാക്കിയിട്ടുള്ള കോർനെറ്റ്വർക്കിന്റെഭാഗമായിരിക്കണം. (നിലവിലുള്ള റോഡുകളു ടെയും നിർദ്ദേശിക്ക പ്പെട്ടിട്ടുള്ള റോഡുകളുടെയും മാപ്പിംഗ്) .

3. കൂടുതൽ ആളുകൾക്ക്/ ആവാസകേന്ദ്രങ്ങൾക്ക് പ്രയോജനം കിട്ടുന്ന റോഡുകൾക്ക് മുൻഗണന.

4. ഈ പദ്ധതിപ്രകാരം ഏറ്റെടുക്കുന്ന റോഡുകൾക്ക് കേന്ദ്രസർക്കാർ നിഷ്ക്കർഷിക്കുന്ന 6 മുതൽ 7.5 മീറ്റർ വരെ വീതി ഉണ്ടായിരിക്കണം. ആയതിന് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ സാക്ഷ്യപത്രം പദ്ധതിയോടൊപ്പം സമർപ്പിക്കേണ്ട താണ്.

5. ഈ പദ്ധതിപ്രകാരം നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി ഏറ്റെടുക്കുന്ന റോഡുകൾ പഞ്ചായത്തിന്റെ അധീനതയിലുള്ളതായിരിക്കണം നിശ്ചിത റോഡിന്റെ പേവ്മെന്റ് സൂചിക രണ്ടോ അതിൽ താഴെയോ ആയിരിക്കണം

സെക്ഷൻ ഓഫീസർ